**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2714** **13-02-2024 - ൽ മറുപടിയ്ക്ക്**

**വനിതാ സംരംഭകത്വ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതാ സംരംഭകത്വ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ? | (എ) | ലഭ്യമാകുന്നുണ്ട്. കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ സംരംഭകർക്ക് (വനിതകൾ ഉൾപ്പെടെ) വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. സംരംഭകർക്ക് നൽകുന്ന ആകെ സഹായത്തിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. വ്യക്തിഗത സംരംഭങ്ങൾക്ക് സ്ഥിര മൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി.<br><br>പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെ ചേർക്കുന്നു.<br><br>വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി - പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% (പരമാവധി 10 ലക്ഷം രൂപ.)<br><br>ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ് പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി.<br><br>സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ) - പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയസംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതി പ്രകാരം നൽകുന്നു.<br><br>വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷനു മൂലധന |

നിക്ഷേപത്തിനുള്ള പിന്തുണയും - ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് 35% (പരമാവധി തുക 10 ലക്ഷം രൂപ)

പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം - എഫ്.പി.ഒ-കൾ, സ്വാശ്രയ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് (പരമാവധി 3 കോടി രൂപ) നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം- എഫ്.പി.ഒ-കൾ/സ്വാശ്രയ സംഘങ്ങൾ/ സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ SPV എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50% ആണ് പരമാവധി സഹായം.

കേന്ദ്ര സർക്കാരിന്റെ PMFME പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന യൂണിറ്റുകൾക്ക് 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' പ്രകാരം നിബന്ധനകൾക്കു വിധേയമായി പ്രവർത്തന മൂലധന വായ്പയ്ക്കു പലിശ സബ്സിഡി ലഭിക്കാൻ അർഹത ഉണ്ട്.

പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ / പ്രൊജക്ടുകൾ / മൈക്രോ എന്റർപ്രൈസസ് എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിന് വനിതകൾ ഉൾപ്പെടെ എല്ലാ മേഖലയിലെയും സംരംഭകർക്കു വായ്പാ ബന്ധിത പദ്ധതി ആയ "പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി" ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, വാണിജ്യ വ്യവസായ വകുപ്പ് കയർ ബോർഡ് എന്നിവർ മുഖേന നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൽ വനിതാ സംരംഭകർ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നഗര/ഗ്രാമീണ പ്രദേശങ്ങൾക്കനുസരിച്ച പ്രത്യേക വിഭാഗമായി പരിഗണിച്ച പ്രൊജക്റ്റ് കോസ്റ്റിന്റെ 25% മുതൽ 35% വരെ മാർജിൻ മണി ലഭ്യമാകുന്നതാണ്. ആയതു പൊതു വിഭാഗത്തിന് 15% മുതൽ 25% വരെയാണ്. കൂടാതെ പ്രൊമോട്ടറുടെ വിഹിതമായി പൊതു വിഭാഗത്തിലുള്ളവർ പ്രൊജക്റ്റ് കോസ്റ്റിന്റെ 10% തുക പ്രൊമോട്ടറുടെ വിഹിതമായി കണ്ടെത്തേണ്ടതുള്ളപ്പോൾ വനിതകൾ ഉൾപ്പെടുന്ന പ്രത്യേക വിഭാഗക്കാർക്ക് 5 % തുക മാത്രം കണ്ടെത്തിയാൽ മതിയാകും.
നിർമ്മാണ മേഖലയിൽ 50 ലക്ഷം വരെയുള്ള പ്രൊജക്റ്റ് കോസ്റ്റും, സർവീസ് മേഖലയിൽ 20 ലക്ഷം വരെയുള്ള പ്രൊജക്റ്റ് കോസ്റ്റും മാർജിൻ മണിയ്ക്കായി പരിഗണിക്കുന്നതാണ്. 18 വയസ്സ് തികഞ്ഞ ഏതൊരു

| | | | |
|---|---|---|---|
| | | | സംരംഭകനും ഈ പദ്ധതി വഴി ആനുകൂല്യം ലഭിക്കുന്നതാണ്. ഈ പദ്ധതിയും വനിതാ സംരംഭകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ് |

സെക്ഷൻ ഓഫീസർ